(എ) അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി നിലവിലുള്ള ത്രിതലപഞ്ചായത്തുകളിൽ ഘടനാപരമായോ, അധികാരപരിധിയിലോ, ഉദ്യോഗസ്ഥ ചട്ടക്കൂടിനോ എന്തെങ്കിലും മാറ്റം വരുത്തുവാൻ പദ്ധതി ഉണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പഞ്ചായത്തുകൾക്ക് സേവന-വാണിജ്യരംഗത്ത് സംരംഭങ്ങൾ തുടങ്ങുവാനും ബസ്സ് സർവ്വീസ് പോലുള്ള അർദ്ധ സേവന, അർദ്ധ വാണിജ്യ സംരംഭങ്ങൾ തുടങ്ങുവാനുമുതകുന്ന ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(സി) അധികാര വികേന്ദ്രീകരണാനന്തര കാലത്തെ പഞ്ചായത്തുകളുടെ ഉത്തരവാദിത്വം കണക്കിലെടുത്ത് പഞ്ചായത്ത് സെക്രട്ടറിമാരുടെ തസ്തികകൾ ഉയർത്താനും നിയമ വ്യവസ്ഥയിൽ മാറ്റം വരുത്തുവാനും പദ്ധതിയുണ്ടോ?

ഉത്തരം

(എ) അധികാരവികേന്ദ്രീകരണ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ള നിയമഭേദഗതികൾ പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് ത്രിതല പഞ്ചായത്തുകളുടെ അധികാരപരിധി വർദ്ധിക്കുന്നതാണ്. ഉദ്യോഗസ്ഥപുനർവിന്യാസം സംബന്ധിച്ച റിപ്പോർട്ട് നടപ്പാക്കുമ്പോൾ ത്രിതല പഞ്ചായത്തുകൾക്ക്, അവയുടെ നിയന്ത്രണത്തിൽ, കൂടുതൽ എഞ്ചിനീയറിംഗ് സ്റ്റാഫിന്റെയും മിനിസ്റ്റീരിയൽ സ്റ്റാഫിന്റെയും, മറ്റു സാങ്കേതിക വിഭാഗം ജീവനക്കാരുടെയും സേവനം ലഭ്യമാകും. അവയുടെ പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സുഗമമാകും. കൃഷി, മൃഗസംരക്ഷണം തുടങ്ങി ഏതാനും വകുപ്പുകളുടെ ജില്ലാതല ആഫീസുകൾ ജില്ലാപഞ്ചായത്തുകളുടെ നിയന്ത്രണത്തിലാകും.

(ബി) പഞ്ചായത്തുകളിൽ നിക്ഷിപ്തമായ ചുമതലകളുമായി ബന്ധപ്പെട്ട മേഖലകളിൽ, സേവനം, വാണിജ്യസംരംഭങ്ങൾ ആരംഭിക്കുവാൻ പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. ബസ്സ് സർവ്വീസ് പോലെയുള്ള മേഖലകളിൽ അവയ്ക്ക് ചുമതലകളൊന്നുമില്ലാത്തതിനാൽ അത്തരം പദ്ധതികളൊന്നും ആരംഭിക്കുവാൻ കഴിയുകയില്ല.

(സി) പഞ്ചായത്തുകളുടെ ഉത്തരവാദിത്വം കണക്കിലെടുത്ത് ഉദ്യോഗസ്ഥതലത്തിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ചും നിയമന വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ പരിഗണനാ വിഷയമാണ്. ഇക്കാര്യത്തിലുള്ള കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ല.

113 (670) അരുവാപ്പുലം പഞ്ചായത്തിലെ അഴിമതി അന്വേഷണം

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ അരുവാപ്പുലം പഞ്ചായത്തിൽ മണൽവാരലിനോടനുബന്ധിച്ചും വീടുകൾ വൈദ്യുതീകരിക്കുന്നതിന് സാധനങ്ങൾ വാങ്ങിയതിലും അഴിമതി നടന്നതിനെപ്പറ്റി വിജിലൻസ് അന്വേഷണത്തിന് എന്നാണ് ഉത്തരവിട്ടത്;

(ബി) അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കിയോ; എങ്കിൽ എന്നാണ് റിപ്പോർട്ട് ലഭിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) റിപ്പോർട്ട് ലഭിച്ചെങ്കിൽ ഇതിലെ കുറ്റക്കാർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 28.1.1999-ൽ

(ബി) റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) അന്വേഷണം പൂർത്തിയാകാത്തതുകൊണ്ടാണ് റിപ്പോർട്ട് സമർപ്പിക്കാത്തത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

114 (671) ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ മരവിപ്പിച്ചുകൊണ്ട് ഗവൺമെന്റ് പഞ്ചായത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ഉത്തരവ് പുറപ്പെടുവിച്ചത്;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ ഒരു പ്രതി ലഭ്യമാക്കുമോ;

(ഡി) റിപ്പോർട്ടിൽ ആർക്കെതിരെയാണ് പരാതി ഉന്നയിച്ചിട്ടുള്ളത്;

(ഇ) ഉദ്യോഗസ്ഥന്മാർക്കെതിരെ ആണെങ്കിൽ ഒരു പ്രദേശത്തെ ജനങ്ങളെ മുഴുവൻ ബാധിക്കുന്ന തരത്തിൽ വികസന പ്രവർത്തനത്തെ തടയാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(എഫ്) ഗവൺമെന്റിന്റെ ഈ ഉത്തരവ് പിൻവലിച്ച് വികസന പ്രവർത്തനവുമായി മുന്നോട്ടു പോകാൻ പഞ്ചായത്തിന് എന്നത്തേയ്ക്ക് അനുവാദം നൽകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പദ്ധതി നടത്തിപ്പിൽ ഗുരുതരമായ വീഴ്ച ഗ്രാമപഞ്ചായത്ത് വരുത്തിയിട്ടുള്ളതായി ബോദ്ധ്യമായതിനാൽ 98-99 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ടതും ഇപ്പോൾ സ്പിൽ ഓവറായി നിൽക്കുന്നതുമായ പ്രവൃത്തികളൊഴികെ 99-2000 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവഹണം താൽക്കാലികമായി നിർത്തി വയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) മലപ്പുറം പഞ്ചായത്തിന് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

(സി) ഒരു പകർപ്പ് ഇതൊന്നിച്ചു ഹാജരാക്കുന്നു.

(ഡി) പഞ്ചായത്ത് കമ്മിറ്റിക്കും പഞ്ചായത്ത് സെക്രട്ടറിക്കും എതിരെ.

LIBRARY ARCHIVES Kerala Legislative Assembly